ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **കേരളത്തിൽ ലോക് സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിലേക്ക്; പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആലത്തൂർ, ആറ്റിങ്ങൽ മണ്ഡലങ്ങളിലെത്തും; രാഹുൽഗാന്ധി വയനാട്ടിലും കോഴിക്കോടും ; മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തൃശൂരിൽ.**

Lok Sabha election campaign in Kerala reaches its peak; Prime Minister Narendra Modi will visit Alathur and Attingal constituencies today; Rahul Gandhi will visit Wayanad and Kozhikode; Chief Minister Pinarayi Vijayan is in Thrissur today.

2) **ലോക് സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം മറ്റന്നാൾ അവസാനിക്കും; പ്രചാരണം ഊർജ്ജിതം.**

The campaign for the first phase of the Lok Sabha elections intensifies as it will end the day after tomorrow.

3). **കേരളത്തിൽ അസന്നിഹിത വോട്ടർമാർക്കായുള്ള വീട്ടിൽ വോട്ട് നടപടിക്ക് ഇന്ന് തുടക്കമാകും.**

Voting at home process for voters above 85 yrs old & differently abled persons will begin in Kerala today.

4). ഇനി ഒരു യുദ്ധം കൂടി താങ്ങാൻ പശ്ചിമേഷ്യയ്ക്കോ ലോകത്തിനോ കഴിയില്ലെന്ന് ഐക്യരാഷ്ട്ര സഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.

Neither region nor world can afford more war- UN chief at emergency meeting on Iran strikes.

5). ഐ.പി.എൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് ജയം; ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും, സൺറേസേഴ്സ് ഹൈദരാബാദും തമ്മിൽ ഏറ്റുമുട്ടും.

Chennai Super Kings win over Mumbai Indians in IPL cricket; Today Royal Challengers Bengaluru and Sunracers Hyderabad will face each other.

*******************************************

## KERALA STAR CAMPAGINERS TODAY

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിലേക്ക്. സംസ്ഥാനത്ത് എൻഡിഎ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാത്രി കൊച്ചിയിലെത്തി. ഇന്ന് ആലത്തൂർ, ആറ്റിങ്ങൽ ലോക് സഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ അദ്ദേഹം പങ്കെടുക്കും. രാവിലെ 11 മണിയോടെ ആലത്തൂർ മണ്ഡലത്തിലെ എൻ.ഡി.എ സ്ഥാനാർത്ഥി ടി. എൻ സരസുവിന്റെ പ്രചാരണത്തിനായി കുന്നംകുളം ചെറുവട്ടാനിയിൽ നടക്കുന്ന തിരഞ്ഞെടുപ്പുറാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. തുടർന്ന് ഉച്ചകഴിഞ്ഞ് 2.15 ഓടെ അദ്ദേഹം ആറ്റിങ്ങൽ മണ്ഡലം എൻഡിഎ സ്ഥാനാർത്ഥി വി മുരളീധരന്റെ പ്രചാരണാർത്ഥം കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുയോഗത്തെയും അഭിസംബോധന ചെയ്യും. തുടർന്ന് അദ്ദേഹം

ന്യൂഡൽഹിയിലേക്ക് മടങ്ങും. കേന്ദ്ര മന്ത്രി രാജ്നാഥ്സിങ് എൻഡിഎ പ്രചാരണത്തിനായി വ്യാഴാഴ്ച സംസ്ഥാനത്ത് എത്തും. വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ ഗാന്ധി ഇന്നും നാളെയും മണ്ഡലത്തിൽ രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും. വൈകിട്ട് കോഴിക്കോട് ബീച്ചിൽ നടക്കുന്ന യു.ഡി.എഫ് റാലിയിലും പൊതുസമ്മേളനത്തിലും രാഹുൽ ഗാന്ധി പങ്കെടുക്കും. വയനാട് മണ്ഡലത്തിൽ രാഹുൽ ഗാന്ധിയ്ക്കായി കോൺഗ്രസ് പ്രസിഡൻറ് മല്ലികാർജ്ജുൻ ഖാർഗെ ഈ മാസം 20-നും ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി 22-നും കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഇരിങ്ങാലക്കുട, തൃശ്ശൂർ, ഗുരുവായൂർ എന്നിവിടങ്ങളിൽ എൽഡിഎഫ് പ്രചാരണത്തിനെത്തും. നാളെ ആലത്തൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി, നെന്മാറ എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് യോഗങ്ങളിലും അദ്ദേഹം പങ്കെടുക്കും. സിപിഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി നാളെ കാസർഗോഡ്, കണ്ണൂർ മണ്ഡലങ്ങളിൽ പ്രചാരണത്തിനെത്തും.

**********************************************

**TRAFFIC REGULATION**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് കൊച്ചിയിലും തിരുവനന്തപുരത്തും ഗതാഗതനിയന്ത്രണം. രാവിലെ 9 മണി മുതൽ 11 മണി വരെ കൊച്ചി നഗരത്തിലെ ചില ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. പ്രധാനമന്ത്രി എത്തുന്ന തിരുവനന്തപുരം കാട്ടാക്കടയിൽ രാവിലെ 10 മണി മുതലാണ് ഗതാഗത നിയന്ത്രണം. കാട്ടാക്കടയിലേക്കുള്ള മുഴുവൻ റോഡുകളും അടയ്ക്കും വാഹനങ്ങൾ കടത്തിവിടില്ല. പാർക്കിങ്ങും അനുവദിക്കില്ല.

*******************************************

## FIRST PHASE ELECTION

ലോക്സഭാ തെരെഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിക്കാനിരിക്കെ, പ്രചാരണം ഉച്ചസ്ഥായിയിൽ. രാജ്യത്ത് ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളിലായുള്ള 102 ലോക് സഭാ മണ്ഡലങ്ങൾ ആദ്യ ഘട്ട വോട്ടെടുപ്പിന് സജ്ജമായി. പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. ചൂടിനെ നേരിടാനുള്ള സജ്ജീകരണങ്ങൾ ബൂത്തുകളിൽ ഉറപ്പാക്കണമെന്നും പ്രത്യേക നിർദ്ദേശമുണ്ട്. ക്രമസമാധാനം കർശനമായി ഉറപ്പാക്കണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചാരണ രംഗത്ത് സജീവമാണ്. എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ മധ്യപ്രദേശിലും കർണാടകയിലും എത്തി. കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെ ഇന്നലെ മഹാരാഷ്ട്രയിലെ നാഗ് പൂരിൽ കോൺഗ്രസ് പ്രചാരണത്തിൽ പങ്കെടുത്തു.

*******************************************

## HOME VOTERS KERALA

കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസ് പിന്നിട്ട മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷി വിഭാഗത്തിൽ പ്പെട്ടവർക്കും വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുന്ന നടപടി ഇന്ന് ആരംഭിക്കും. അസന്നിഹിത വോട്ടർ വിഭാഗത്തിൽപ്പെടുത്തിയാണ് ഇവർക്ക് വീട്ടിൽ തന്നെ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തെരഞ്ഞെടുപ്പു കമ്മിഷൻ ഒരുക്കിയിരിക്കുന്നത്. ആദ്യഘട്ടം ഇന്ന് തുടങ്ങി ഏപ്രിൽ 19ന് അവസാനിക്കും. അർഹരായ വോട്ടർമാരുടെ വീടുകളിൽ പ്രത്യേക

പോളിങ് സംഘങ്ങളെത്തി വോട്ട് രേഖപ്പെടുത്തും. ഒന്നാംഘട്ടത്തിൽ വോട്ട് ചെയ്യാൻ സാധിക്കാത്തവർക്ക് ഏപ്രിൽ 20 മുതൽ ഏപ്രിൽ 24 വരെ രണ്ടാംഘട്ടത്തിൽ അവസരമുണ്ട്. ഈ രണ്ടുഘട്ടത്തിലും വോട്ടു ചെയ്യാൻ സാധിക്കാത്തവരുടെ വീടുകളിൽ 25- ന് പോളിങ് സംഘം വീണ്ടും സന്ദർശിക്കും.

*******************************************

**THRISSUR**

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആദ്യഘട്ട പരിശീലനത്തിൽ നിന്നും വിട്ടുനിന്ന 23 ഉദ്യോഗസ്ഥർക്ക് തൃശൂർ ജില്ലാ കളക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകി. പരിശീലനത്തിൽ പങ്കെടുക്കുന്നതിലും പോളിംഗ് ഡ്യൂട്ടി നിർവഹിക്കുന്നതിലും ബോധപൂർവ്വം വീഴ്ച വരുത്തുന്നവർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കളക്ടർ അറിയിച്ചു.

*******************************************

**EC HARYANA**

ഹരിയാനയിൽ സി-വിജിൽ ആപ്പ് വഴി 1,666 പരാതികൾ ലഭിച്ചിട്ടുണ്ടെന്നു ഹരിയാന ചീഫ് ഇലക്ടറൽ ഓഫീസർ അനുരാഗ് അഗർവാൾ പറഞ്ഞു. അതിൽ 1,383 പരാതികൾ പരിഹരിക്കാനായി നിർദേശം നൽകി.

*******************************************

**JAISANKAR**

ഇറാൻ പിടിച്ചെടുത്ത ഇസ്രയേലി ചരക്കു കപ്പലിൽ 17 ഇന്ത്യക്കാരുള്ള സാഹചര്യത്തിൽ വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇറാൻ വിദേശകാര്യ മന്ത്രിയുമായി ആശയവിനിമയം നടത്തി. കഴിഞ്ഞ ദിവസം നടന്ന സംഭവവികാസങ്ങളിൽ ഇന്ത്യ ആശങ്ക അറിയിച്ചതായി ശ്രീ എസ് ജയ് ശങ്കർ സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. മേഖലയിലെ സാഹചര്യവും ചർച്ചയായി. കോഴിക്കോട് സ്വദേശിയും കപ്പലിൽ ഉണ്ട്.

*******************************************

**IRAN - VISIT**

ഇറാൻ പിടിച്ചെടുത്ത ഇസ്രായേൽ ചരക്കു കപ്പലിൽ ഉൾപ്പെട്ട കോഴിക്കോട് വെള്ളിപറമ്പ് തേലം പറമ്പത്ത് ശ്യാംനാഥിന്റെ മാതാപിതാക്കളെ എം പി മാരായ എംകെ രാഘവനും, എളമരം കരീമും സന്ദർശിച്ചു. കപ്പൽ ജീവനക്കാരെ മോചിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ഇറാൻ അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്ന് ഇരുവരും അറിയിച്ചു. ചരക്കുകപ്പലിൽ മാനന്തവാടി പെറ്റംകോട്ട് വീട്ടിൽ പി വി ധനേഷും, പാലക്കാട് സ്വദേശി സുമേഷും അകപ്പെട്ടിട്ടുണ്ട്.

**********************************************

**KEJRIWAL - SC**

മദ്യനയക്കേസുമായി ബന്ധപ്പെട്ട ഇ.ഡിയുടെ അറസ്റ്റിനെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സമർപ്പിച്ച ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ഗുപ്ത എന്നിവരടങ്ങിയ രണ്ടംഗ ബെഞ്ചായിരിക്കും ഹർജി പരിഗണിക്കുക.

**********************************************

**REV. ISRAEL- IRAN - INTRO)**

ഇനി ഒരു യുദ്ധം കൂടി താങ്ങാൻ പശ്ചിമേഷ്യയ്ക്കോ ലോകത്തിനോ കഴിയില്ലെന്ന് ഐക്യരാഷ്ട്ര സഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ഇറാൻ - ഇസ്രായേൽ സംഘർഷം സംബന്ധിച്ച വിഷയം ചർച്ച ചെയ്യാൻ വിളിച്ച യു.എൻ രക്ഷാസമിതിയുടെ അടിയന്തര യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മേഖലയിൽ സംയമനം പാലിച്ച് സമാധാനം നിലനിർത്താൻ വിവിധ ലോകരാജ്യങ്ങളും ആഹ്വാനം ചെയ്യു.

വിശദാംശങ്ങളിലേക്ക്......

**(VOICE....)**

ഇറാൻ - ഇസ്രായേലിലേക്ക് മിസൈൽ വിക്ഷേപിച്ച സാഹചര്യത്തിലാണ് യു.എൻ രക്ഷാസമിതി യോഗം ചേർന്നത്. പശ്ചിമേഷ്യ യുദ്ധത്തിന്റെ വക്കിലാണെന്ന് ഐക്യരാഷ്ട്ര സംഘടനാ സെക്രട്ടറി ജനറൽ വിലയിരുത്തി.മേഖലയ്ക്ക് മറ്റൊരു യുദ്ധം കൂടി താങ്ങാൻ കഴിയില്ല. സമാധാനത്തിനായി പ്രവർത്തിക്കാൻ എല്ലാവർക്കും ഉത്തരവാദിത്തമുണ്ട്. ജനങ്ങൾ വലിയ ഒരു ദുരന്തത്തെ അഭിമുഖീകരിക്കുകയാണ്. വിനാശകരമായ സംഘർഷത്തിന്റെ തീവ്രത കുറച്ച് പരമാവധി സംയമനത്തിനുള്ള സമയമാണിതെന്നും അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. ഇസ്രയേലിൽ ഇറാൻ നടത്തിയ വ്യോമാക്രമണത്തെയും അദ്ദേഹം അപലപിച്ചു.

ഇസ്രായേലും ഹമാസും തമ്മിലുള്ള യുദ്ധത്തെയും ഗുട്ടെറസ് അപലപിച്ചു. അതിനിടെ, ഇറാനെതിരെയുള്ള ഒരു ആക്രമണ നടപടിയിലും അമേരിക്ക പങ്കെടുക്കില്ലെന്ന് യു.എസ് പ്രസിഡന്റ് ജോ ബൈഡൻ പ്രതികരിച്ചു. ഇറാൻ നടത്തിയ വ്യോമാക്രമണത്തെ ജി സെവൻ രാജ്യങ്ങൾ അപലപിച്ചു. നയതന്ത്ര മാർഗങ്ങളിലൂടെ സമാധാനം നിലനിർത്തണമെന്ന് ജിസിസി കൂട്ടായ്മ പ്രസ്താവിച്ചു . ന്യൂസ് ഡെസ്ക്, ആകാശവാണി.....

*******************************************

**OMAN**

ഒമാനിൽ മഴക്കെടുതിയെ തുടർന്ന് മലയാളി ഉൾപ്പെടെ 12 പേർ മരിച്ചതായി റിപ്പോർട്ട്. മരിച്ചവരിൽ ഒമ്പതുപേരും സ്കൂൾ വിദ്യാർഥികളാണ്. പത്തനംതിട്ട സ്വദേശിയാണ് മരിച്ചതെന്നാണ് വിവരം. കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും ഒഴുക്കിൽപെട്ട് കാണാതായ മൂന്ന് കുട്ടികളുടെ മൃതദേഹങ്ങൾ കണ്ടെത്തി. കാണാതായ അഞ്ചു പേർക്കായി തെരച്ചിൽ തുടരുന്നു. രാജ്യത്തിൻറെ പല ഭാഗത്തും കനത്ത മഴ തുടരുകയാണ്.

ഒമാനിൽ ശനിയാഴ്ച രാത്രിയും ഞായറാഴ്ച ഉച്ചവരെയുമായി പെയ്ത കനത്ത മഴിൽ വ്യാപക നാശനഷ്ടങ്ങളാണ് ഉണ്ടായത്. അൽ മുദൈബിയിൽ വെള്ളപ്പൊക്കത്തിലും ശക്തമായ ഒഴുക്കിലും കാണാതായ അഞ്ചു പേർക്കായി തെരച്ചിൽ തുടരുകയാണ്.

*******************************************

**INDONESIA**

ഇന്തോനേഷ്യയിലുണ്ടായ മണ്ണിടിച്ചിലിൽ 15 ലധികം പേർ മരിച്ചതായി റിപ്പോർട്ട്. രണ്ട് പേരെ കാണാതായി. സുലുവേസി പ്രവിശ്യയിലെ റ്റന റ്റൊരാജ ജില്ലയിലാണ് മണ്ണിടിച്ചിലിൽ ഉണ്ടായത്. സൈനികരും പോലീസുകാരും ഉൾപ്പെടെ നിരവധിപ്പേർ രക്ഷാപ്രവർത്തനത്തിനായി രംഗത്തുണ്ട്.

*******************************************

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് 20 റൺസ് ജയം. ആദ്യം ബാറ്റ് ചെയ്ത ചെന്നൈ 4 വിക്കറ്റ് നഷ്ടത്തിൽ 206 റൺസ് നേടി. ചെന്നൈ ഉയർത്തിയ 207 റൺസ് എന്ന വിജയലക്ഷ്യം മുംബൈ ഇന്ത്യൻസിന് മറികടക്കാനായില്ല. ആറ് വിക്കറ്റ് നഷ്ടത്തിൽ 186 റൺസാണ് മുംബൈ നേടിയത്. ഇന്നലെ നടന്ന ആദ്യമത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും സൺറേസേഴ്സ് ഹൈദരാബാദും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7.30 ന് ബംഗളൂരുവിലാണ് മത്സരം.

*******************************************

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ  ഇന്നലെ ഗോവയിൽ നടന്ന മത്സരത്തിൽ ചെന്നൈയിൻ എഫ് സിയ്ക്കെതിരെ,

എഫ് സി ഗോവയ്ക്ക് ഒന്നിനെതിരെ  3 ഗോളിന്റെ ജയം. ഇന്ന് നടക്കുന്ന മത്സരത്തിൽ മോഹൻ ബഗാനും മുംബൈ സിറ്റിയും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

*************************************************

## WEATHER – KERALA

കേരളത്തിലെ  വിവിധ ജില്ലകളിൽ താപനില  മറ്റന്നാൾ വരെ സാധാരണയേക്കാൾ രണ്ടു മുതൽ നാലു ഡിഗ്രി സെൽഷ്യസ്

വരെ  ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്, തൃശൂർ, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി

സെൽഷ്യസ്  വരെ ഉയരാം..

*************************************************

## INDIAN NAVY-AWARDS

ധീരതയ്ക്കും വിശിഷ്ട സേവനത്തിനുമുള്ള നാവിക സേന പുരസ്കാരങ്ങൾ സമ്മാനിച്ചു. ഗോവയിലെ നേവൽ ബേസ് ഐഎൻഎസ് ഹൻസയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന് വേണ്ടി നാവികസേനാ മേധാവി അഡ്മിറൽ ആർ. ഹരി കുമാറാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്.

*************************************************

## NEPAL-GOVERNMENT GIFT

നേപ്പാളിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ

പ്രവർത്തിക്കുന്ന വിവിധ സംഘടനകൾക്ക് ഇന്ത്യ 35

ആംബുലൻസുകളും 66 സ്കൂൾ ബസുകളും സമ്മാനിച്ചു. നേപ്പാൾ ധനമന്ത്രി ബർഷ മാൻ പൻ്റെയുടെ സാന്നിധ്യത്തിൽ ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവ വാഹനങ്ങളുടെ താക്കോൽ

കൈമാറി. 101 വാഹനങ്ങളിൽ 2 ആംബുലൻസുകൾ ഭൂകമ്പബാധിത ജില്ലകൾക്ക് കൈമാറി. നേപ്പാളിൻ്റെ ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന പിന്തുണയുടെ ഭാഗമായാണ് നടപടി.

*********************************************

**HARYANA CHIEF SECRETARY**

റാബി വിള സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് 72 മണിക്കൂറിനുള്ളിൽ പണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഹരിയാന ചീഫ് സെക്രട്ടറി ടി വി എസ് പ്രസാദ് നിർദേശം നൽകി. റാബി സീസണിലെ സംഭരണ പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറി അവലോകനം ചെയ്തു.

*********************************************

*******************************

********************